# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5102      4/7/2012 ൽ മറുപടിക്ക്

### മുസ്ലീം പ്രദേശത്ത് മുസ്ലീം സബ് ഇൻസ്പെക്ടർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) മുസ്ലീം ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ മുസ്ലീം വിഭാഗക്കാരെ നിയമിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ടോ; | (എ) മുസ്ലീം ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ഏറ്റവും കുറഞ്ഞത് ഒരു മുസ്ലീം സി.ഐ/എസ്.ഐ ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം ലഭിച്ചതെപ്പോഴാണ്; | (ബി) ഇതു സംബന്ധിച്ച നിർദ്ദേശം 2010 ലും 2012 ലും ലഭിക്കുകയുണ്ടായി. |
| (സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;<br>ഡി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ? | (സിയും, ഡിയും) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മുസ്ലീം ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം കണക്കാക്കുകയും അത് 11 ശതമാനത്തിനും മുകളിലാണ് എന്ന് കണ്ടെത്തുകയുമുണ്ടായി. ഇത് സംബന്ധിച്ച് പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ